(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്തുരോഗത്തിന് പ്രതിരോധ മരുന്ന്

*3 [3] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. ടി. അഹമ്മദ് അലി:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്തുരോഗത്തിനെതിരെ ഡി. ഇ. സി. ഗുളിക വിതരണം ചെയ്യുന്നത് അശാസ്ത്രീയമാണെന്നും വൻ പാർശ്വഫലങ്ങൾ ഉണ്ടാക്കുന്ന ഡി. ഇ. സി. ഗുളിക ഗുണത്തേക്കാൾ ദോഷം ചെയ്യുന്നതാണെന്നും കാണിച്ച് ഇൻസ്റ്റിറ്റ്യൂഷൻസ് ഓഫ് ഹോമിയോപ്പതിക്സ് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഡി. ഇ. സി. ഗുളിക വിതരണം നിർത്തിവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) 23-6-2004-ൽ നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) തൽക്കാലം നിർത്തിവച്ചിട്ടുണ്ട്. ജൂൺ 5-നാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നതെങ്കിലും ഇതിനാവശ്യമായ മരുന്ന് നിശ്ചിത സമയത്തിന് ലഭ്യമാകാത്തതുകൊണ്ട് അന്നേ ദിവസം നടത്തുവാൻ സാധിച്ചില്ല. കൂടാതെ മരുന്നു വിതരണം സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ [WP (C) 168/04]നിലവിലുണ്ട്. കേസിന്റെ വിധിയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനത്തിൽ സർക്കാർ നിയന്ത്രണം

*4 [4] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, കെ. സി. ജോസഫ്:
,, പി. ജെ. ജോയി:
,, കെ. സി. വേണുഗോപാൽ:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിൽ സർക്കാരിന് എന്തെല്ലാം നിയന്ത്രണങ്ങളാണുള്ളത്;

LIBRARY, ARCHIVES Kerala Legislative Assembly

(ബി) അവയുടെ പ്രവർത്തനം നിയമാനുസൃതമാണോ നടക്കുന്നതെന്ന് പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ സംസ്ഥാനത്തുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ ആന്റ് ബി) ഇപ്പോൾ ഇതിനായി പ്രത്യേക നിയമങ്ങളൊന്നും നിലവിലില്ല.

(സി) നിയമവിരുദ്ധമായി സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

താലൂക്ക് ആശുപത്രികളിൽ കാർഡിയോളജി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി

*5 [5] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിൽ കാർഡിയോളജി യൂണിറ്റ് തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) എം. പി., എം. എൽ. എ. ഫണ്ട് എന്നിവ ഉപയോഗിച്ച് കെട്ടിടങ്ങളും മറ്റ് ആവശ്യമുള്ള ഉപകരണങ്ങളും ജനങ്ങളുടെ സഹകരണത്തോടെ സജ്ജമാക്കിക്കൊടുക്കുന്ന ആശുപത്രികളിൽ ഡോക്ടർമാരേയും മറ്റ് ജീവനക്കാരെയും നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഗ്രാമങ്ങളിൽ നിന്നും ഹൃദ്രോഹ ചികിത്സയ്ക്ക് സൗകര്യമുള്ള ജില്ലാ ആശുപത്രിയിലേക്കുള്ള യാത്രാമധ്യേ പല രോഗികളും മരണമടയുന്നതിന്റെ അടിസ്ഥാനത്തിൽ ഇത് ഗൗരവമായി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഇപ്പോൾ ഇല്ല. 2004-05 ബജറ്റ് നിർദ്ദേശപ്രകാരം ആരോഗ്യ മേഖലയിലെ പരിഷ്കാരങ്ങളുടെ ഭാഗമായി പ്രധാനപ്പെട്ട ജനറൽ/ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി എന്നീ സ്പെഷ്യാലിറ്റികൾ തുടങ്ങുവാൻ ആലോചനയുണ്ട്.

(ബി) എം. പി., എം. എൽ. എ. ഫണ്ടും മറ്റും ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതും പൂട്ടിക്കിടക്കുന്നതുമായ 201 ആശുപത്രി കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി 1200 തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly